# ആലപ്പുഴ ജില്ലാ പോലീസ്

## പത്രക്കുറിപ്പ്

മാരകമായ നോവൽ കൊറോണ വൈറസ് അന്തർ ദേശീയ തലത്തിൽ നാശം വിതച്ച് പലരാജ്യങ്ങളും ബുദ്ധിമുട്ടുന്നുണ്ടെങ്കിലും വളരെ വ്യസ്ഥമായി കേരളത്തിന് സധൈര്യം ചെറുക്കാൻ കഴിഞ്ഞെങ്കിലും COVID – 19- ന്റെ ആഗോളവ്യാപനം തടയുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പൂർണ്ണ ലോക്ക് ഡൗൺ വിജയകരമായി തുടരേണ്ടത് അനിവാര്യമാണ്. എന്നാൽ നിർഭാഗ്യവശാൽ വളരെയധികം ആളുകൾ ഇപ്പോഴും മാനദണ്ഡങ്ങളുടെ ലംഘനം തുടരുകയാണ്. **ഇന്ന് (10.04.2020) വൈകി 4 മണി വരെ** ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ചതിന് **ജില്ലയിൽ 190 കേസുകൾ** രജിസ്റ്റർ ചെയ്യുകയും, ആയതിലേയ്ക്ക് **101** വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. സാമൂഹിക അകലം പാലിക്കണം എന്ന ലോക്ക് ഡൗൺ മാനദണ്ഡം ലംഘിച്ച **9** പേർക്കെതിരെയും, റോഡരികിൽ കൂട്ടംകൂടി നിന്നതിന് 5 കേസ്സുകളിലായി **17** പേർക്ക് എതിരേയും, വ്യാജ സത്യവാങ്മൂലം ഉപയോഗിച്ച് യാത്ര ചെയ്തതിന് **16** പേർക്ക് എതിരെയും, പാസ്സ് ഇല്ലാതെ യാത്ര ചെയ്തതിന് **28** പേർക്ക് എതിരെയും, വ്യാജവാറ്റ് നടത്തിയതിന് 4 കേസ്സുകളിലായി **7** പേർക്ക് എതിരേയും, ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്നതിന് **9** പേർക്ക് എതിരെയും, തുറക്കുന്നതിന് അനുമതി നല്കാത്ത കടകൾ തുറന്ന് പ്രവർത്തിച്ചതിന് **8** പേർക്ക് എതിരേയും ഉൾപ്പടെ **190** കേസുകളിലായി **195** പേരെ Kerala Epidemic Disease Ordinance 2020 പ്രകാരം അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് എതിരെ **2 വർഷം വരെ തടവോ 10000/- രൂപ പിഴയോ** ശിക്ഷ ലഭിക്കുന്നതാണ്. ജില്ലയിൽ പല പാടശേഖരങ്ങളിലും കൊയ്ത്ത് നടക്കാനുള്ളതിനാൽ ജില്ലയിൽ ഇപ്പോൾ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന കൊയ്ത്ത് യന്ത്രങ്ങൾ അതികൃതരുടെ അറിവോടുകൂടിയല്ലാതെ ജില്ലയ്ക്ക് പുറത്തേയ്ക്ക് കൊണ്ടുപോകുവാൻ പാടില്ലാത്തതും ആയതിന് ശ്രമിക്കുന്ന കൊയ്ത്ത് യന്ത്രങ്ങൾ പിടിച്ചെടുക്കുന്നതും, ഓരോ പാടശേഖരത്തിലേയും കൊയ്ത്തിന് ശേഷം ജില്ലയിൽ തന്നെയാണ് തുടർന്നും ടി കൊയ്ത്ത് യന്ത്രങ്ങൾ ഉപയോഗിക്കുന്നതെന്ന് പാടശേഖര സമിതികൾ ഉറപ്പുവരുത്തേണ്ടതും അപ്രകാരം പ്രവർത്തിക്കാത്ത സമിതി ഭാരവാഹികൾക്ക് എതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപന ഉടമകൾക്ക് എതിരെയും, മാനദണ്ഡങ്ങൾ ലംഘിച്ച് ഈസ്റ്റർ, വിഷു ഉത്സവകാലങ്ങളിൽ പടക്കം വില്പന നടത്തുന്നതിനെതിരേയും കർശന നിയമനടപടി സ്വീകരിക്കുന്നതാണ്. Quarantine-ൽ കഴിയണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ളവർ രാജ്യത്തിന്റെ സുരക്ഷയെ കരുതി കർശനമായും മാനദണ്ഡങ്ങൾ പാലിച്ച് സ്വയം നിയന്ത്രണത്തിന് വിധേയമായി കഴിയണമെന്നും, ആരോഗ്യ പ്രവർത്തകരുടേയും പോലീസിന്റെയും പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നല്കണമെന്ന് ജില്ലാ പോലീസ് മേധാവി ശ്രീ.ജയിംസ് ജോസഫ് IPS അഭ്യർത്ഥിച്ചു.

ജില്ലാ പോലീസ് മേധാവി
ആലപ്പുഴ